2523 സ്വയം തൊഴിൽ സംരംഭങ്ങളും സ്ത്രീകളുടെ 476 ഗ്രൂപ്പ് സംരംഭങ്ങളും ആരംഭിച്ച് ദാരിദ്ര്യരേഖക്ക് താഴെയുള്ള 7283 കുടുംബങ്ങളെ സഹായിച്ചിട്ടുണ്ട്. നഗര പ്രദേശങ്ങളിലെ ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങളിലെ 27477 വനിതകൾക്കും ഗ്രാമപ്രദേശങ്ങളിലെ 207279 വനിതകൾക്കും 'കുടുംബശ്രീ' മുഖേനയുള്ള മൈക്രോ സംരംഭങ്ങളിലൂടെ സ്ഥിരമായ വരുമാനം ലഭിക്കുന്ന തൊഴിൽ ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 30 മുതൽ 40 ശതമാനം വരെ നീക്കിവയ്ക്കുന്ന വികേന്ദ്രീകൃത ആസൂത്രണ പ്രക്രിയയിലൂടെയും ധാരാളം തൊഴിലവസരങ്ങൾ ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്.

(ഡി) തൊഴിൽദായകപ്രദമായ പ്രധാന മേഖലകളിൽ 2002-03, 2003-04, 2004-05 (ജനുവരി 31 വരെ) ഉള്ള ചെലവും 2005-06-ലെ ബഡ്ജറ്റ് വിഹിതവും അനുബന്ധമായി കൊടുത്തിരിക്കുന്നു. †

സ്വകാര്യ ഹോട്ടൽ കമ്പനിക്ക് കൈമാറിയ പാർക്കുകൾ

*8 [516] ശ്രീ. എം. എ. കുട്ടപ്പൻ:

„ വർക്കല കഹാർ:

„ ഇ. എം. അഗസ്തി:

„ പി. കെ. ജോയി:

„ ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിൽ എത്ര പാർക്കുകളുണ്ട്; ഇവ മെച്ചപ്പെട്ട നിലയിൽ സൂക്ഷിക്കുവാൻ എന്തെല്ലാം പദ്ധതികളുണ്ട്;

(ബി) ഇതിൽ ഏതെങ്കിലും പാർക്കുകൾ സ്വകാര്യ ഹോട്ടൽ കമ്പനികൾക്ക് കൈമാറിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏതെല്ലാം പാർക്കുകൾ;

(ഡി) എന്തെല്ലാം വ്യവസ്ഥയിലാണ് കൈമാറിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):

(എ) 25 പാർക്കുകൾ ഉണ്ട്. ഇവ മെച്ചപ്പെട്ട നിലയിൽ സൂക്ഷിക്കുവാൻ 59 തോട്ടക്കാരെ നിയമിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.†

(ബി) ഉണ്ട്.

(സി) വെള്ളയമ്പലം അയ്യൻകാളി പാർക്ക്, തമ്പാനൂർ പൊന്നറ ശ്രീധർ പാർക്ക് എന്നിവ ആർ. ആർ. ഹോളിഡേ ഹോംസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്.

---

† അനുബന്ധം II

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നഗരസഭാ കൗൺസിലിന്റെ തീരുമാനമനുസരിച്ച് താഴെപ്പറയുന്ന വ്യവസ്ഥകൾക്കു വിധേയമായാണ് നൽകിയിട്ടുള്ളത്.

1. 15 വർഷമോ, കരാർ മറ്റു കാരണങ്ങളാൽ റദ്ദ് ചെയ്യുന്നതുവരേയോ ഏതാണോ കുറവ് അതായിരിക്കും കാലാവധി.

2. പാർക്ക് നഗരസഭയുടെ പേരിൽതന്നെ സംരക്ഷിക്കേണ്ടതും നിർദ്ദിഷ്ട പരസ്യ നികുതി അടയ്ക്കേണ്ടതുമാണ്.

3. വാട്ടർ, ഇലക്ട്രിസിറ്റി ചാർജ്ജുകൾ കാരാറുകാരൻ അടയ്ക്കേണ്ടതാണ്.

4. നഗരസഭയ്ക്ക് എപ്പോൾ വേണമെങ്കിലും കരാർ റദ്ദുചെയ്യാവുന്നതാണ്.

ദേശീയപാതയുടെ സമീപമുള്ള ആശുപത്രികളിലെ അത്യാഹിത വിഭാഗത്തിൽ സൗകര്യം വർദ്ധിപ്പിക്കാൻ നടപടി

*9 [517] ശ്രീ. കെ. കെ. ജയചന്ദ്രൻ:

,, കെ. വി. കുഞ്ഞിരാമൻ:

,, വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയുടെ സമീപമുള്ള സർക്കാർ ആശുപത്രികളുടെ നവീകരണത്തിനായി ഏതെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത ആശുപത്രികളിലെ അത്യാഹിത വിഭാഗത്തിനുള്ള സൗകര്യം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇതിനായി കേന്ദ്ര സർക്കാരിന്റെ സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ):

(എ) ഉണ്ട്.

(ബി) ഉണ്ട്. റോഡ് സേഫ്റ്റിയുടെ ഭാഗമായി ദേശീയ പാതയുടെ സമീപമുള്ള സർക്കാർ ആശുപത്രികളിൽ ട്രോമാകെയർ യൂണിറ്റുകൾ പ്രവർത്തനക്ഷമമാക്കുന്നതിനാവശ്യമായ ഒരു പദ്ധതിയ്ക്ക് രൂപം നൽകി വരുന്നു. ദേശീയ പാതയ്ക്ക് സമീപമുള്ള മെഡിക്കൽ കോളേജുകളിലെ അത്യാഹിതവിഭാഗങ്ങൾ നവീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടി ആശുപത്രികളിലെ അത്യാഹിത വിഭാഗങ്ങളിൽ വേണ്ട ഉപകരണങ്ങളും കിടക്കകളും ഡോക്ടർമാരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്.

(സി) ഉണ്ട്. 28-6-2004-ൽ 84 കോടി രൂപയുടെ കേന്ദ്ര സഹായം അഭ്യർത്ഥിച്ചുകൊണ്ട് കേന്ദ്ര ആരോഗ്യവകുപ്പ് മന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. കൂടാതെ 15 കോടി രൂപയുടെ കേന്ദ്ര സഹായത്തിനായുള്ള ഒരു പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly